# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4342      04/02/2014 ൽ മറുപടിക്ക്

**ആർ.എം. എസ്.എ. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>" വർക്കല കഹാർ<br>" വി . ഡി.സതീശൻ<br>" സി പി . മു ഹ മ്മ ദ് | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ആർഎം .എ സ് എ . പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ; | എ) 5 കിലോമീറ്ററിനുള്ളിൽ എല്ലാ കുട്ടികൾക്കും സെക്കൻഡറിവിദ്യാഭ്യാസം സാദ്ധ്യമാക്കുക. 14 വയസ്സുമുതൽ 15 വയസ്സുവരെയുള്ള സെക്കൻഡറി തലത്തിലുള്ള കുട്ടികളുടെ ഉന്നമനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുക, പഠനനിലവാരം മെച്ചപ്പെടുത്തുക.എന്നിവയാണ് ആർ.എം.എസ്.എ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| ബി) എന്തെല്ലാം ലക്ഷ്യ ങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | ബി) 5 കിലോമീറ്ററിനുള്ളിൽ സെക്കൻഡറി സ്കൂൾ സ്ഥാപിക്കുന്നത് വഴി 9, 10 ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം ഉയർത്തുക, എല്ലാ സെക്കൻഡറി സ്കൂളുകളും നിശ്ചിത നിലവാരത്തിലേക്ക് ഉയർത്തുക. ലിംഗവിവേചനം ഇല്ലാതാക്കുക, സാമൂഹികവും, സാമ്പത്തികവുമായ വ്യത്യാ സങ്ങൾ ഇല്ലാതാക്കുക, വൈകല്യങ്ങൾ മൂലമുള്ള തടസ്സങ്ങൾ നീക്കുക, 2017 ആകുമ്പോഴേക്കും എല്ലാവർക്കും സെക്കൻഡറി വിദ്യാഭ്യാസം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളാണ് ആർ.എം.എസ്.എ പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്. |
| സി) സെക്കന്ററി വിദ്യാഭ്യാസം വ്യാപ ക മാ ക്കുന്നതിനും ഇതിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ; | സി) പ്രധാനമായും 3 കാര്യങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. എ) കുട്ടികൾക്ക് എത്തിച്ചേരാനുള്ള എളുപ്പം. ബി) തുല്യത, സി) ഗുണനിലവാരം. |

എ) കുട്ടികൾക്ക് എത്തിച്ചേരാനുള്ള എളുപ്പം. 5 കിലോമീറ്ററിനുള്ളിൽ കുട്ടികൾക്ക് സെക്കൻഡറി സ്കൂൾ ഉറപ്പാക്കുക, അതിനായി യു.പി. സ്കൂളുകൾ ഹൈസ്കൂളായി ഉയർത്തുക, നിലവിലുള്ള ഹൈസ്കൂളുകളിൽ, പുതിയ ക്ലാസ്സ് റൂമുകൾ, ലബോറട്ടറികൾ, ലൈബ്രറികൾ, കമ്പ്യൂട്ടർ റൂമുകൾ, പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും പ്രത്യേകം ടോയിലറ്റുകൾ. അധികമായി ആവശ്യമുള്ള അധ്യാപകരെ നിയമിക്കുക.

ബി) തുല്യത. പെൺകുട്ടികളുടെയും എസ്.സി/എസ്.ടി മൈനോറിട്ടി വിഭാഗത്തിന്റെയും വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുക.

സി) ഗുണനിലവാരം. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്,ലൈബ്രറികൾ, ടീച്ചേഴ്സ് ഇൻസർവീസ്, അഡീഷണൽ ടീച്ചേഴ്സിന്റെ നിയമനം, എച്ച്.എം മാരുടെ ട്രെയിനിംഗ്, പാഠ്യ പദ്ധതി പരിഷ്കരണം, സയൻസിനും, കണക്കിനും പ്രാധാന്യം കൊടുക്കുക. കമ്പ്യൂട്ടർ സഹായത്തോടെയുള്ള വിദ്യാഭ്യാസം, കൊ-കരിക്കുലർ ആക്ടിവിറ്റി, ടീച്ചിംഗ് ലേണിംഗ് എയിഡഡ് റെമഡിയൽ ടീച്ചിംഗ് തുടങ്ങിയവ നടപ്പാക്കുക, പുതിയ ക്ലാസ് മുറികൾ, ലൈബ്രറി, സയൻസ് ലബോറട്ടറി, കമ്പ്യൂട്ടർ മുറി, ടോയിലറ്റ് ബ്ലോക്ക്, കുടിവെള്ളം, വൈദ്യുതി, ടെലിഫോൺ എന്നീ സ്കൂൾ ഇൻഫ്രാസ്ട്രക്ചർ വികസിപ്പിക്കുക. തുടങ്ങിയവ.

| | | | |
|---|---|---|---|
| ഡി) | പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ടോ എന്നും എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശങ്ങൾ നല്കുമോ ? | ഡി) | നിലവിൽ ആർ.എം.എസ്.എ പദ്ധതി 9,10 ക്ലാസ്സുകളിലാണ് പൂർണമായി നടപ്പിലാക്കിയത്. 11, 12 ക്ലാസ്സുകളിൽ ഐ.ഇ.ഡി, ഐ.സി.ടി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിക്കഴിഞ്ഞു. മറ്റുപദ്ധതികൾ എം.എച്ച്.ആർ.ഡി യിൽ നിന്നും അനുവാദം കിട്ടുന്ന മുറയ്ക്ക് 11, 12 ക്ലാസ്സുകളിലേക്ക് വ്യാപിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ